# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026

## NSSHS
## മൂവാറ്റുപുഴ

NSS HIGH SCHOOL * MUVATTUPUZHA
PIN-686673

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രധാനലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ഹൈടെക് അക്കാദമിക മാസ്റ്റർപ്ലാൻ.

ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചക്ക് വേണ്ടി തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർപ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനശിലയാണ്. നമ്മൾ വിഭാവനം ചെയ്യുന്ന നമ്മുടെ സ്കൂൾ അടുത്ത 5 വർഷത്തേക്ക് എങ്ങനെ ആയിരിക്കണം, എന്തെല്ലാം ഭൗതിക സാഹചര്യങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കണം എന്നീ കാര്യങ്ങൾ അക്കാദമിക മാസ്റ്റർപ്ലാനിൽ വ്യക്തമാക്കണം.

ഇന്നലെകളിലെ സാംസ്കാരിക അപചയത്തിന് മുഖ്യകാരണം വിദ്യാഭ്യാസത്തിന്റെ അലഭ്യതയാണെന്ന് കണ്ടെത്തി. ജാതി-മത ഭേദമന്യേ സർവ്വർക്കും വിദ്യാഭ്യാസമെന്ന ലക്ഷ്യത്തോടെ നാടെങ്ങും സരസ്വതി ക്ഷേത്രങ്ങൾ പടുത്തുയർത്തിയ മന്നത്തുപത്മനാഭൻ എന്ന നവോത്ഥാന നായകന്റെ സന്തതിയായ "നായർ സർവ്വീസ് സൊസൈറ്റി"യുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയമാണ് NSSHS മൂവാറ്റുപുഴ.

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇതിന് പുറമെ കമ്പ്യൂട്ടർ-

NSS HIGH SCHOOL MUVATTUPUZHA

ലാബ്, സ്മാർട്ട് ക്ലാസ്സ്റൂം, ലൈബ്രറി സംവിധാനങ്ങൾ എന്നിവയും സജ്ജമാക്കിയിരിക്കുന്നു. പ്രഥമാധ്യാപകനടക്കം 2 ദിവസവേതനം അടിസ്ഥാനത്തിലുള്ള അധ്യാപകരും 1 അനധ്യാപകനും ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു. ഈ സ്കൂൾ നേരിടുന്ന പ്രധാന വെല്ലുവിളി കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന ശോഷണമാണ്.

## വിദ്യാലയ മികവ്

- ഹരിത വിദ്യാലയം
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ പരിസരം.
- SSLC ക്ക് തുടർച്ചയായ 100% വിജയം.
- അധ്യാപക - വിദ്യാർത്ഥി - രക്ഷാകർതൃ ബന്ധം.
- കുട്ടികളുടെ ഭവനസന്ദർശനം.
- പഠനപിന്നോക്കാവസ്ഥയിലുള്ളവർക്കുള്ള പ്രത്യേക പാഠ്യപദ്ധതി.
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- ലഹരിവിമുക്ത പ്രവർത്തനങ്ങൾ.
- ഡ്രൈഡേ പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ കൃത്യമായി ആചരിക്കപ്പെടുന്നു.
- നൃത്ത പഠനം.
- എംബ്രോയിഡറി പരിശീലനം.

NSS HIGH SCHOOL PIN-686673 MUVATTUPUZHA

# പൊതുലക്ഷ്യങ്ങൾ

## ഭാഷാവികാസം

### മലയാളം :-

ലക്ഷ്യം :- എല്ലാ കുട്ടികളിലും അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കുക.

- കുട്ടികൾ അർത്ഥപൂർണ്ണമായി സംസാരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം നൽകുന്നു.

UP വിഭാഗത്തിലെ കുട്ടികൾക്ക് മലയാളത്തിളക്കം, പദകാർഡ് വായന, പദസൂര്യൻ, പുസ്തകപരിചയം, കവിതാലാപനം, വാർത്തവായന, വാക്യങ്ങളുടെ പിരമിഡ് നിർമ്മാണം, കവിത കേൾക്കൽ, നാടൻപാട്ട് അവതരണം ഇടങ്ങിയ പ്രവർത്തനങ്ങൾ.

### ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ:- ഇംഗ്ലീഷ് ഭാഷയിലുള്ളവ എഴുതുവാനും വായിക്കുവാനും പരിശീലിക്കുക.

- ഇംഗ്ലീഷ് ഭാഷ നിത്യജീവിതത്തിൽ സന്ദർഭോചിതം ഉപയോഗിക്കുവാൻ പരിശീലിക്കുക.
- ഇംഗ്ലീഷ് ഭാഷ പ്രയോഗത്തോടുള്ള സങ്കോചം ഒഴിവാക്കുക.
- ചിത്രങ്ങൾ, സൂചനകൾ, വീഡിയോകൾ ഇവയുടെ സഹായത്തോടെ വിവരണം തയ്യാറാക്കൽ
- റോൾ പ്ലേ, സ്കിറ്റ് എന്നിവ തയ്യാറാക്കൽ, അവതരിപ്പിക്കൽ.
- ഇംഗ്ലീഷ് സാഹിത്യകൃതികളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

HIGH SCHOOL PIN-686 673 MUVATTUPUZHA

- കഥകൾ, മാഗസിനുകൾ എന്നിവ തയ്യാറാക്കൽ.
- ഇംഗ്ലീഷ് പത്രവായന.
- ഇംഗ്ലീഷ് അസംബ്ലി.
- ഇംഗ്ലീഷ് നാടകാവതരണം.
- ഇംഗ്ലീഷ് ഭാഷ ഒഴുക്കോടെ സംസാരിക്കുവാൻ പ്രാപ്തരാക്കൽ.
- ഇംഗ്ലീഷ് ഭാഷയിലുള്ള പുസ്തകങ്ങൾ വായിക്കുവാനും ആശയം മനസിലാക്കുവാനും പ്രാപ്തരാക്കുക.

## ഹിന്ദി.

ലക്ഷ്യങ്ങൾ :- ഹിന്ദി അക്ഷരമാല തെറ്റുകൂടാതെ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും പ്രാപ്തരാക്കൽ.

- ഹിന്ദി ഭാഷയിലെ ശൈലികൾ, പ്രയോഗങ്ങൾ എന്നിവ ഗ്രഹിക്കൽ, അക്ഷരമാല, പദകാർഡ്, വാക്കുകൾ ഉപയോഗിച്ച് പിരമിഡ് നിർമ്മാണം, ICT സാധ്യത ഉപയോഗിച്ച് വായന, സൂചനകൾക്കനുസരിച്ച് കഥാരചന, കവിതാരചന, പദപരിചയം HS വിഭാഗം കുട്ടികൾക്ക് ഹിന്ദി അസംബ്ലി.
- ഹിന്ദി മാഗസിനുകൾ തയ്യാറാക്കൽ.
- ഹിന്ദി ഭാഷയിലുള്ള സംസാരം അനായാസമാക്കൽ.
- സർഗ്ഗാത്മക രചനകൾ തയ്യാറാക്കൽ.
- ഹിന്ദി ഭാഷയിലുള്ള അക്ഷരഗാനങ്ങളുടെ അവതരണം.

## ഗണിതം.

ലക്ഷ്യങ്ങൾ:

- നിത്യജീവിതത്തിന് ചതുഷ്ക്രിയകൾ സഹായകമാകുന്നു എന്ന തിരിച്ചറിവിലേക്ക് നയിക്കുന്നു.
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം

NSS HIGH SCHOOL PIN-686 673 MUVATTUPUZHA

അനായാസമാക്കുന്നു.

- ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടിയെ ഉയർത്താൻ ശ്രമിക്കുന്നു.
- സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, അവയുടെ നിർമ്മാണം.
- ഗണിതത്തിന്റെ അടിസ്ഥാനം ഉറപ്പിക്കുക.

UP വിഭാഗം -

- സംഖ്യാകാർഡുകൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ.
- പ്രകൃതിയുടെ അടിസ്ഥാനം ഗണിതമാണെന്ന തിരിച്ചറിവിലേക്ക് നയിക്കുക.
- കുസൃതി കണക്കുകളിലൂടെ ഗണിതാസ്വാദനം.
- സംഖ്യാകാർഡുകൾ, ചിത്രസഹായത്തോടെയുള്ള പഠനം.
- ജ്യാമിതീയരൂപങ്ങൾ നിർമ്മാണം.
- കോണുകളുടെ നിർമ്മാണം, ഉപയോഗം.

HS വിഭാഗം -

- ഗണിത ശാസ്ത്രത്തിലെ ഇന്ത്യൻ പ്രതിഭകൾ, സംഭാവനകൾ.
- ഗണിത മാഗസിനുകൾ, ജ്യോമട്രിക്കൽ ചാർട്ട്.
- വിദ്യാർത്ഥികൾക്ക് $A^+$ നേടാനുള്ള ആത്മവിശ്വാസം വളർത്തൽ.
- ഗണിതം ആസ്വാദ്യജനകമാക്കുക.

ശാസ്ത്രം.

ലക്ഷ്യങ്ങൾ: ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും അതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും പ്രാപ്തരാക്കുക.

NSS HIGH SCHOOL ★ MUVATTUPUZHA ★ PIN-686 673

- മഴക്കാല രോഗങ്ങൾ ഒഴിവാക്കുവാൻ ഉള്ള മുൻകരുതലുകൾ ശീലിക്കുക.
- നാം ഉപയോഗിക്കുന്ന പച്ചക്കറികളിലെ വിഷവസ്തുക്കളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സ്വന്തമായി ഒരു പച്ചക്കറിത്തോട്ടം വീട്ടിലും ഒപ്പം സ്കൂളിലും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നതിന്.
- സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് അവയുടെ സംരക്ഷണ മാർഗ്ഗം സ്വീകരിക്കുന്നതിന് ഉള്ള പരിശീലനം പ്രാപ്തമാക്കുന്നതിന്.
- വ്യക്തി ശുചിത്വത്തോടൊപ്പം പരിസരശുചിത്വവും പ്രാധാന്യമേറിയതാണെന്ന് തിരിച്ചറിയുന്നതിനും അവ കൃത്യമായി പാലിക്കുന്നതിനും
- പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രവിഷയങ്ങളിൽ താൽപര്യം ഉളവാക്കുന്നതിന്.

UP വിഭാഗം -

സസ്യ ആൽബം, ശാസ്ത്ര പതിപ്പുകൾ, ലഘുപരീക്ഷണങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ഊർജ്ജ പരിസ്ഥിതി സംരക്ഷണ - പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ പാർക്ക്, ഔഷധസസ്യത്തോട്ട നിർമ്മാണം

HS വിഭാഗം -

- പരീക്ഷണ നിരീക്ഷണങ്ങളിൽ എല്ലാവർക്കും പങ്കാളിത്തം.
- സയൻസ് മാഗസിനുകൾ
- പഠനോപകരണ നിർമ്മാണ പ്രവർത്തനങ്ങൾ.
- ജൈവകർഷകരെ പരിചയപ്പെടൽ, അഭിമുഖം തയ്യാറാക്കൽ.

NSS HIGH SCHOOL ★ MUVATTUPUZHA ★ PIN-686-673

## സാമൂഹ്യശാസ്ത്രം

### ലക്ഷ്യങ്ങൾ

- പ്രാദേശിക ചരിത്രബോധം വളർത്തുക.
- അർത്ഥപൂർണ്ണമായ ഭൂപട വായന ശീലമാക്കാൻ.
- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്ന പഠനപ്രവർത്തനം.
- ദേശസ്നേഹം വളർത്തുക.
- ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹികാവബോധം വളർത്തുക.
- പത്രവായന ജീവിതചര്യയാക്കുകയും കാലിക പ്രസക്തമായ സംഭവങ്ങളുടെ ശേഖരം തയ്യാറാക്കൽ.
- ചരിത്ര പഠനത്തിന് പ്രാധാന്യം നൽകുക.

UP വിഭാഗം -

- സംസ്ഥാന, രാജ്യ, ലോകഭൂപട പരിചയം അവയുടെ നിർമ്മാണം.
- ICT സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ, കേരളത്തിലെ ജില്ലകൾ അവയുടെ പ്രാധാന്യം എന്നിവ മനസ്സിലാക്കുന്നു.
- ഇന്ത്യ - സംസ്ഥാനങ്ങൾ, അവയുടെ തലസ്ഥാനങ്ങൾ, ഭാഷ, വേഷം, സംസ്കാരം, അതിർത്തികൾ പങ്കിടുന്ന രാജ്യങ്ങൾ എന്നിവ പരിചയപ്പെടുന്നു.
- പ്രാദേശിക ചരിത്ര നിർമ്മാണം, ചരിത്രക്കുറിപ്പുകൾ പതിപ്പുകൾ, കൈത്താളികൾ എന്നിവ തയ്യാറാക്കൽ.
- മാപ്പുകൾ, ഗ്ലോബുകൾ എന്നിവയുടെ നിർമ്മാണം, ഉപയോഗം.

HIGH SCHOOL ★ MUVATTUPUZHA ★ PIN-686 673

## HS വിഭാഗം.

- ഭൂപട നിർമ്മാണം, സ്ഥലം നിർണ്ണയിക്കൽ.
- പ്രാദേശിക ചരിത്രരചന, പതിപ്പ് നിർമ്മാണം.
- ആൽബം, കുറിപ്പുകൾ തയ്യാറാക്കൽ.
- ആനുകാലിക സംഭവങ്ങളുടെ ഓർമ്മക്കായി മാഗസിനുകൾ തയ്യാറാക്കൽ.
- കുട്ടികളെ ചരിത്ര ബോധമുള്ളവരാക്കുക.
- ചരിത്ര രചന, വായന എന്നിവയിൽ അഭിരുചി വളർത്തൽ.
- ചരിത്ര ബോധമുള്ളതും സാമൂഹിക ബോധമുള്ളതുമായ ഒരു ജനതയെ സൃഷ്ടിക്കൽ.
- ICT സാധ്യത പ്രയോജനപ്പെടുത്തൽ.

## തനത് പ്രവർത്തനങ്ങൾ.

ഭാഷ - ഹലോ ഇംഗ്ലീഷ്, ശാസ്ത്രരംഗം, മലയാള സാഹിത്യാസ്വാദനം.

ഇംഗ്ലീഷ് - ഇംഗ്ലീഷ് ഫെസ്റ്റ്

ഹിന്ദി - സുരീലി ഹിന്ദി, ഹിന്ദി അടിസ്ഥാനം ഉറപ്പിക്കൽ.

ഗണിതം - ഗണിത ഫെസ്റ്റ്, ഗണിതം അടിസ്ഥാനം ഉറപ്പിക്കൽ

ശാസ്ത്രം - സയൻസ് ഫെസ്റ്റ്

സാമൂഹ്യശാസ്ത്രം - ആനുകാലിക സംഭവങ്ങൾ പ്രാധാന്യം നൽകി മത്സര പരീക്ഷകൾക്കായി പ്രാപ്തരാക്കുക.

IT - കുട്ടികളെ ഡിജിറ്റൽ ലോകം പരിചയപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.

NSS HIGH SCHOOL * MUVATTUPUZHA * PIN-686 673

## ചുമതലകൾ

വിദ്യാരംഗം - ദിവ്യ. C.G (UPST)

ഹലോ ഇംഗ്ലീഷ് - UPST

സുരീലി ഹിന്ദി - UPST

ശാസ്ത്രരംഗം - ദിവ്യ. C.G (UPST)

ഗണിതശാസ്ത്രം - അനില പ്രകാശ് (HST)

സാമൂഹ്യശാസ്ത്ര - പ്രവർത്തനങ്ങൾ - അനില പ്രകാശ് (HST)

പ്രവൃത്തി പരിചയം - HST

കൗമാര വിദ്യാഭ്യാസം,
ലൈംഗിക വിദ്യാഭ്യാസം - HST

സ്കോളർഷിപ്പ് പരിശീലനം,
USS, New Maths - UPST.

NSS HIGH SCHOOL ★ MUVATTUPUZHA ★ PIN-686-673